# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2021
ഒക്ടോബർ 24


## ഏലിയ സ്ലീവാ മൂശാക്കാലം 8-ാം ഞായർ



# അപ്പസ്തോലനാകേണ്ട വിധം

ഏശ 41:8-16, 1 കോറി 9:13-18, മത്താ 10:1-15

ഇന്നത്തെ വചനത്തിന്റെ ആദ്യ വായന മനസ്സിലേക്ക് തന്നത് മിഷൻ ഞായറിന്റെ ഗൃഹാതുരമായ ഓർമ്മകളും ഓർമ്മപ്പെടുത്തലുകളും ആയിരുന്നു. ശിഷ്യത്വത്തിന് ഏറെ പ്രാധാന്യം നൽകിയാണ് മത്തായി സുവിശേഷകൻ തന്റെ രചന നിർവ്വഹിച്ചിരിക്കുന്നതെന്ന് ആദ്യ അധ്യായങ്ങൾ മുതൽക്കേ നമുക്ക് കാണാനാകും. ശിഷ്യരെക്കുറിച്ചും, ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗത്തെക്കുറിച്ചുമുള്ള പരാമർശങ്ങൾക്ക് ശേഷമാണ്, 'അപ്പസ്തോലന്മാരെ അയയ്ക്കുന്നു' എന്ന വചന ഭാഗം ആരംഭിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. മർക്കോസ്, ലൂക്കാ സുവിശേഷകരും ഇതേ ഭാഗം രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 3:12-19, ലൂക്കാ 6: 12-18). എങ്കിലും ഈശോ നൽകിയ നിർദ്ദേശങ്ങളെക്കുറിച്ചുള്ള വിശദമായ ഒരു വിവരണം നമുക്ക് ലഭിക്കുന്നത് മത്തായി സുവിശേഷത്തിൽ നിന്നുമാണ്. പന്ത്രണ്ടു പേരുകൾ വ്യക്തി വിശേഷങ്ങൾ അടക്കം രേഖപ്പെടുത്തിയിട്ടുമുണ്ട്. കമ്മലിട്ടവൻ പോയാൽ കടുക്കനിട്ടവൻ എന്ന പഴഞ്ചൊല്ല് പോലെ യൂദാസ് സ്കറിയോത്തയ്ക്ക് പകരക്കാരനായി സാവൂളെന്ന പൗലോസ് അപ്പസ്തോലനെത്തുന്നത് അപ്പസ്തോലപ്രവർത്തനങ്ങളിലെ തുടർവായനയിൽ നമുക്ക് കാണാനാകും. ഇന്ന് ലോകം മുഴുവനുമായി വ്യാപിച്ച് കിടക്കുന്ന – രണ്ടായിരത്തിലധികമുള്ള – ക്രൈസ്തവ സഭാ വിഭാഗങ്ങളുടെ ഉത്ഭവത്തിന് കാരണമായ വചനഭാഗം കൂടിയാണിത് എന്നും പറയാം. ഗ്രീക്ക് ഭാഷയിലെ അപ്പസ്റ്റലോസ് - സന്ദേശവാഹകൻ - എന്ന വാക്കാണ് അപ്പസ്തോലൻ എന്ന വിശേഷണത്തിന്റെ മൂലപദം എന്ന് എവിടെയോ വായിച്ചതായി ഓർക്കുന്നുണ്ട്. 'അയയ്ക്കപ്പെട്ടവൻ', 'പ്രതിനിധി' എന്നീ വിശേഷണങ്ങളെ കുറിച്ച് മാത്രമാകാം ഇന്നത്തെ വിചിന്തനം എന്ന് തോന്നുന്നു.

### യാത്രക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്നത്തെ വചനഭാഗത്തിന്റെ പ്രധാന ഉള്ളടക്കം, ഈശോ താൻ തിരഞ്ഞെടുത്ത പന്ത്രണ്ട് ശിഷ്യർക്ക് നൽകുന്ന നിർദ്ദേശങ്ങളാണ്. എവിടെ തുടങ്ങി എങ്ങിനെ അവസാനിപ്പിക്കണം, യാത്രയിൽ ഉൾപ്പെടുത്തേണ്ടവയും ഒഴിവാക്കേണ്ടവയും എന്തെല്ലാം, എന്ത് ചെയ്യണം / ചെയ്യരുത് എന്നെല്ലാം വ്യക്തമാക്കുന്ന കല്പനകളാണ് ഇവയെല്ലാം. ഒരനുഭവം പറയാം. ഉയർന്ന ഉദ്യോഗത്തിൽ നിന്ന് വിരമിച്ച ഒരു ബന്ധു വിശുദ്ധനാട് സന്ദർശനത്തിന് പോയി. മടങ്ങി എത്തിയ ഉടൻതന്നെ

ഒരുവട്ടം കൂടി അതേ യാത്രക്കായി അതേ ടൂർ ഏജൻസിയിൽ ടിക്കറ്റ് ബുക്ക് ചെയ്തു. ഇതിലെന്തോ പന്തികേട് തോന്നിയ മക്കൾ ചികഞ്ഞ് അന്വേഷിച്ചതോടെ അവർ മനസു തുറന്നു. യാത്ര പുറപ്പെടുന്നതിന് രണ്ടാഴ്ച മുന്നേ ടൂർ ഏജൻസി ഒരു ക്ലാസ്സ് സംഘടിപ്പിച്ചിരുന്നത്രെ. പോകുന്ന സ്ഥലങ്ങളുടെ കാലാവസ്ഥയുടെ പ്രത്യേകത , നിർബന്ധമായും കൈയ്യിൽ കരുതേണ്ടവയുടെയും ഒഴിവാക്കേണ്ടവയുടെയും പട്ടിക, എല്ലാം വിശദമാക്കാനായിരുന്നു ഈ ക്ലാസ്സ്. ഒരുപാട് വട്ടം ഒറ്റയ്ക്ക് യാത്ര ചെയ്തതിന്റെ ആത്മവിശ്വാസത്താൽ ഇതൊന്നും അവർ കാര്യമായെടുത്തില്ല. ഫലം നിർബന്ധമായും കൈയ്യിൽ കരുതേണ്ട പലതും കൈയ്യിൽ കരുതിയില്ല, ആ യാത്രയിൽ യാതൊരു




മരിയ റാൻസം

ഉപയോഗവുമില്ലാത്തവ കെട്ടിച്ചുമക്കുകയും ചെയ്തു. യാത്രയിൽ ആദ്യന്തം, കൂട്ടുയാത്രക്കാർക്കു മുന്നിൽ ഒരു കോമാളി വേഷം ആടി തീർക്കേണ്ടി വന്നു എന്ന് ചുരുക്കം. ചിലവഴിക്കാനായി സമയവും ബാങ്കിൽ കാശും ഉണ്ടായിരുന്നതിനാൽ നിർദ്ദേശങ്ങൾ യഥാക്രമം പാലിച്ച് വീണ്ടും അവർ അതേ യാത്ര ഒരു വട്ടം കൂടി സഫലമായി പര്യവസാനിപ്പിച്ചു. ജീവിത യാത്രയിൽ ഇപ്രകാരമൊരു U ടേണും ആവർത്തനവും ചിന്ത്യമല്ല എന്നതാണ് do and don'ts ന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത് .

## സ്നേഹദൂതിന്റെ അഞ്ചലോട്ടക്കർ

ആദിമ നൂറ്റാണ്ടു മുതൽ ഇന്നുവരെ ലോകം കണ്ട എല്ലാ സന്യാസ സഭകളുടെയും പ്രമാണവാക്യങ്ങളുടെ അടിസ്ഥാനമാണ് ഈശോയുടെ ഈ നിർദ്ദേശങ്ങൾ എന്ന് നമുക്കറിയാം. വാക്കായും വാചകമായും എടുത്ത് വ്യക്തികളാലും , സഭകളാലും ഇത്രയധികം പുനർവ്യഖ്യാനം ചെയ്യപ്പെട്ട മറ്റൊരു വചനഭാഗവും ഇല്ലെന്നും തോന്നുന്നു.

പച്ചത്തലയൻ പൂവൻതാറാവിന്റെ കഴുത്തിന് പിടിച്ച് അലറി വിളിക്കുന്ന ലേലമാണ് മിഷൻ ഞായറിന്റെ ആദ്യ ഓർമ്മ. എന്നാൽ ചില ചുമതലപ്പെടുത്തലുകളാണ് മിഷൻ ഞായർ എന്ന് പിടുത്തം കിട്ടുന്നത് ആദ്യകുർബാന സ്വീകരണം കഴിഞ്ഞാണ്. മിഷൻ ഞായറിന് മുൻപ് ഇട്ടിക്കുന്നത്തച്ചനെന്ന വികാരി തന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഊര് തെണ്ടിയിരുന്ന മൂന്ന് ശനിയാഴ്ച ഓർമ്മകൾ ജീവിതത്തിലുണ്ട്. പ്ലാസ്റ്റിക് നാരു കൊണ്ട് മെടഞ്ഞ 2 കൊട്ടയും ഒരു ചെറിയ തുണിക്കിഴിയും പേനയും പേപ്പറും കൈയ്യിൽ തന്ന് മൂന്നുപേർ വീതമുള്ള ചെറുസംഘമാക്കി ഞങ്ങളെ ഓരോ ദിക്കിലേക്കും അച്ചനയച്ചു . ജാതി / മതം / വലിയ വീട് / ചെറിയ വീട് എന്ന് നോക്കാതെ വഴിയിലുള്ള എല്ലാ വീട്ടിലും നിർബന്ധമായും കയറണമെന്നാണ് ആദ്യത്തെ നിർദ്ദേശം . 'ആശുപത്രിയും സ്കൂളുമില്ലാത്ത നാടുകളിൽ കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും , രോഗികളെ ശുശ്രൂഷിക്കുകയും ചെയ്യുന്നവർക്ക് ഈശോയുടെ നാമത്തിൽ ഒരു ചെറിയ സഹായം ചെയ്യാമോ?' – ഇതാണ് ഓരോ വീടിന് മുന്നിൽ നിന്നും ചോദിക്കേണ്ടത് . കഴിഞ്ഞില്ല, വേലിക്കെട്ട് കടക്കും മുൻപ് പട്ടിയുണ്ടോ എന്ന് ശ്രദ്ധിക്കണം. പരിചയമുള്ള വീടാണെങ്കിലും അകത്തേക്ക് കയറരുത്. കാശ് തരുന്നവരുടെ പേര് പേപ്പറിലെഴുതി തുണിക്കിഴിയിലിടണം. വെള്ളരി, കുത്തരി വേറെ വേറെ വാങ്ങണം. മുട്ട, മെടഞ്ഞ ഓല, പച്ചക്കറി, കോഴി, താറാവ് മുതലായവ ഞങ്ങൾ വാങ്ങരുത്. പകരം അവരുടെ പേര് എഴുതിയെടുത്താൽ മതി. മിഷൻ ഞായർ തലേന്ന് പള്ളിയിൽ നിന്ന് ആളെ വിട്ട് അതെല്ലാം അച്ചൻ എടുപ്പിക്കും. ഇടയ്ക്ക് പച്ചവെള്ളം മാത്രം വീടുകളിൽ നിന്ന് വാങ്ങി കുടിക്കാം. പോകുംവഴിയിലുള്ള ഒരു വീട്ടിൽ ഉച്ചയൂണ് അച്ചൻ പറഞ്ഞിട്ടുണ്ടാവും. അതും കഴിച്ച് വീണ്ടും നടക്കണം . കൃത്യം 3 മണിക്ക് എല്ലാം സമാപിപ്പിച്ച് തിരികെ പള്ളിയിലേക്ക് നടക്കണം. അച്ചൻ വികാരിയായിരുന്ന അഞ്ചുകൊല്ലവും ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ ഈ പതിവ് തുടർന്നിരുന്നു. ജീവിതത്തിലെ ആദ്യത്തെ സുവിശേഷ പ്രഘോഷണം. അയച്ചവൻ തരുന്ന നിർദ്ദേശത്തിനപ്പുറത്തേക്ക്, ദൂത് പോകുന്നവർക്ക് അരപൈസയുടെ പ്രസക്തിയില്ല എന്ന ചെറുകാര്യം മരണം വരെ ഓർമ്മിപ്പിക്കുന്നത് ആ മൂന്ന് ശനിയാഴ്ചകളാണ്.

അവന്റെ നിർദ്ദേശങ്ങൾ മാത്രം ശ്രവിച്ച, സ്നേഹദൂതിന്റെ അഞ്ചലോട്ടക്കാരായ് തീർന്നവരെയും സഭ ഇന്ന് അനുസ്മരിക്കുന്നു. ലോകത്തിന്റെ അതിരുകളിലേക്ക് കാൽനടയായി മന്ത്രങ്ങൾ ഉരുവിട്ടു നിഷ്പാദുകരായി ആദ്യം നടന്ന് നീങ്ങിയത് ബുദ്ധ ഭിക്ഷുക്കളായിരുന്നു എന്ന് കേട്ടിട്ടുണ്ട് . തിരക്കുള്ള നഗരങ്ങളിൽ - മനുഷ്യർ വലിയ ആരവം മുഴക്കിയിരുന്ന ഇടങ്ങളിൽ അവർ നിശ്ശബ്ദരായി നടന്നു. അവരുടെ സാന്നിധ്യം ആരവങ്ങളിൽ കുതിർന്ന് ജീവിച്ച ആ ദേശത്തെ മനുഷ്യരെ സ്പർശിച്ചുവത്രേ . കൂരിരുട്ടുള്ള കൊടുംകാട്ടിനുള്ളിൽ ചെറുനാളം പോലെ – പന്തക്കുസ്താ മുതൽ അപകടകരമായ മരണങ്ങൾ വരെ – അപ്പസ്തോലന്മാർ ജീവിച്ചതും ഇത്തരത്തിലായിരുന്നില്ലേ? താങ്ങാനാവാത്ത ദുരിതം അകക്കണ്ണിൽ കണ്ട ശിമയോൻ , ഭീരുവിനെ പോലെ നഗരം വിട്ട് പോകാൻ തുടങ്ങിയെന്നും വഴിയിൽ തലയെടുപ്പോടെ വരുന്ന അപരിചിതനെ കണ്ട് വെറും കൗതുകത്തിന് നീ എങ്ങോട്ട് പോകുന്നു എന്ന് അന്വേഷിച്ചുവെന്നും , ഉത്തരത്തിന് പകരം ഇതേ ചോദ്യം അപരിചിതന്റെ ശബ്ദമായ് മുഴങ്ങിയെന്നും നിമിഷനേരം കൊണ്ട് ശീമോൻ ഗുരുവിനെയും തന്റെ വിളിയെയും തിരിച്ചറിഞ്ഞുവെന്നും പ്രസിദ്ധമായ ഒരു കഥയുണ്ട്. ഈശോയെ തിരിച്ചറിഞ്ഞ നിമിഷം അലറിവിളിച്ച് കരഞ്ഞ പത്രോസ് നിന്നിരുന്ന പാറമേൽ ആ വലിയ മുക്കുവന്റെ പാദമുദ്ര പതിഞ്ഞു എന്ന പാരമ്പര്യം റോമിലുണ്ടത്രെ. ഇത്തരത്തിൽ നമ്മുടെ പാരമ്പര്യവും മലയും ആറും ഊരും ചേർന്ന കൊടുംവനത്തിലുള്ള ഇത്തരമൊരു പാദമുദ്രയുമായി കെട്ടുപിണഞ്ഞതാണല്ലോ ! ചരിത്രപരതയേക്കാൾ അത് ഇന്നും മനുഷ്യരെ സ്പർശിക്കുന്നത് അതൊരു സ്നേഹദൂതന്റെ കാൽപ്പാദമായിരുന്നത് കൊണ്ടാണ്. സംസ്ക്കാരത്തിന് മീതെ പതിഞ്ഞ ഈ കാല്പാദങ്ങൾ നിലനിൽക്കണമെന്ന് പ്രകൃതിയും ആഗ്രഹിക്കുന്നുണ്ടെന്ന് തോന്നുന്നു. ഒരു കാറ്റിനും മായ്ക്കാൻ ആവാത്ത വിധത്തിൽ , ഒരു കടലും എടുക്കാതെ , അഴുകാതെയും പഴകാതെയും പല ഇടങ്ങളിലായി ഭൂമി അവയെല്ലാം ഇന്നും സൂക്ഷിക്കുന്നു.

## മാരത്തോൺ ഓട്ടക്കാർ

മാരത്തോൺ ഓട്ടത്തിന്റെ ആരംഭ കഥ ഒരു ദൂതന്റേതാണ് . ഗ്രീസിന്റെ വിജയ വാർത്ത ദേശത്തെ അറിയിക്കാൻ ജലപാനമില്ലാതെ ഓടിയോടി തളർന്ന് വീണ് മരിച്ചു പോയ ദൂതൻ. ദൂത് പോയവൻ ലോകത്തിന് ദൂതായി മാറിയത്രെ. ചുറ്റിലുമുയരുന്ന ആരാധകവൃന്ദത്തിൽ അഭിരമിക്കാതെ ദൂത് പൂർത്തിയാക്കി കളമൊഴിഞ്ഞ മറ്റൊരു വ്യക്തിത്വത്തെ കൂടി പറഞ്ഞവസാനിപ്പിക്കാം. സ്നാപകനാണത് . ജറുസലേമിലും യൂദയാ മുഴുവനായും ജോർദ്ദാന്റെ പരിസര പ്രദേശങ്ങളിലും നിന്നുള്ള ജനം അവന്റെ അടുത്തെത്തി – വിശുദ്ധ നാട് സന്ദർശിച്ചവർ പറയുന്നു ചെറിയ ഭൂപ്രദേശമല്ല ഇത്' ഇക്കാണും ആർപ്പുവിളികളൊന്നും എനിക്കുള്ളതല്ല ' എന്ന് തിരിച്ചറിഞ്ഞ് കളമൊഴിഞ്ഞ സ്നാപകനെ അവസാന പ്രവാചകനെന്നല്ല, അപ്പസ്തോലനായി തന്നെ വാഴ്ത്താമെന്ന് തോന്നുന്നു.

പ്രമാണിമാരെ കൈയ്യകലത്തിൽ നിറുത്തി, മുക്കുവ കുടുംബക്കാരെയും, ചുങ്കപ്പിരിവുകാരനെയും വലിയ ചുമതല ഏൽപ്പിച്ചവൻ അവർക്ക് നൽകിയ നിർദ്ദേശങ്ങൾ ഇപ്രകാരമായിരുന്നു. വിജാതിയരുടെ അടുത്തേക്ക് പോകരുത്. യഹൂദ പാരമ്പര്യത്തിൽ നിന്നും ശിഷ്യത്വം സ്വീകരിച്ചതിനാലാകാം മത്തായി സുവിശേഷകൻ ഇത്തരത്തിൽ രേഖപ്പെടുത്തിയത് എന്ന് വ്യാഖ്യാനങ്ങളുണ്ട് . ആദിവാസിയെന്നും പറയനെന്നും പുലയനെന്നും ഭൂമിയിൽ വേരുള്ളവരെ, വേരറുത്തു മാറ്റി അടയാളമില്ലാതാക്കി അപമാനിക്കരുത് എന്ന് കൂട്ടിച്ചേർക്കട്ടെ . പോകേണ്ടത് മേൽക്കോയ്മ ഉണ്ടെന്ന് അഭിമാനിക്കുന്നവരുടെ അടുക്കലേക്കാണ് , പറയേണ്ടതോ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നുമാണ് . മേൽക്കോയ്മ ഇല്ലാത്ത മാവേലി നാടാണ് സ്വർഗ്ഗമെന്നും , ഭൂമിയിലെ സുഖക്കൊഴുപ്പടിഞ്ഞ സമൃദ്ധിയല്ല സ്വർഗ്ഗമെന്നും മലയാളത്തിൽ വിവർത്തനം ചെയ്താലോ ???? കഴിഞ്ഞില്ല , മരിച്ചവരെ ഉയിർപ്പിക്കണം, കുഷ്ഠരോഗികളെ ശുദ്ധരാക്കണം, പിശാചുക്കളെ ബഹിഷ്ക്കരിക്കണം . ( അഞ്ചും മൂന്നും കൂടി കൂട്ടിയാൽ എട്ട് എന്നു പോലുമറിയില്ലാത്ത കുഞ്ഞിന് ധ്യാനം കൂടിയ വകയിൽ എൗഹഹ അ+ കിട്ടലും , കൈവെപ്പ് ശുശ്രൂഷയിലൂടെ കാണാത്തിടത്തുള്ള മുഴമാറലും പോലുള്ള ചെറിയ ചൂണ്ടകളല്ല സാർ). ദാനമായി കിട്ടി .... ദാനമായി കൊടുക്കുവിൻ .

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com